പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6083 28-10-2011 -ൽ മറുപടിക്ക്.

## ചെത്തുതൊഴിലാളികൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര കള്ള് ഷാപ്പുകൾ അടച്ച് പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 229 കള്ള് ഷാപ്പുകൾ അടഞ്ഞു കിടക്കുകയാണ്. |
| (ബി) | കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | കള്ള് ഷാപ്പ് വില്പനയിൽ ഷാപ്പുകൾ വില്പന കൊള്ളുവാൻ ആരുംതന്നെ മുന്നോട്ടു വരാത്തതുകൊണ്ടാണ്, പ്രസ്തുത കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്. |
| (സി) | കള്ള് ഷാപ്പുകൾ തുറക്കാത്തതുമൂലം ചെത്ത് തൊഴിലാളികൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. തൊഴിലാളികൾക്ക് ജോലിയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ സാഹചര്യം കണക്കിലെടുത്ത് ചെത്തുതൊഴിലാളികൾക്ക് 10,000 രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | തൊഴിലാളികൾക്ക് 2000/- രൂപ വീതം ധനസഹായം ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ